**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6099** **09-07-2024 - ൽ മറുപടിയ്ക്ക്**

**കോതകുറിശി സബ്സ്റ്റേഷന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഷൊർണ്ണൂർ മണ്ഡലത്തിൽ കോതകുറിശി 110 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണ ഉദ്ഘാടനം കഴിഞ്ഞിട്ടും തുടർ നിർമ്മാണ പ്രവർത്തനം ആരംഭിക്കാൻ കഴിയാത്തത് എന്തുകൊണ്ടെന്ന് വിശദമാക്കാമോ? | (എ) | ഷൊർണ്ണൂർ നിയോജക മണ്ഡലത്തിലെ കോതകുറിശ്ശിയിൽ ഒരു പുതിയ 110 കെ.വി സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് 12 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുള്ളതാണ്. പ്രസ്തുത സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനായി 0.4629 ഹെക്ടർ ഭൂമി (0.3073 ഹെക്ടർ റവന്യൂ ഭൂമിയും, 0.1556 ഹെക്ടർ കാഞ്ഞിരപ്പുഴ ഇറിഗേഷൻ പ്രോജക്ടിന്റെ കീഴിലുള്ള ഇറിഗേഷൻ വകുപ്പിന്റെ ഭൂമിയും) 30 വർഷത്തേയ്ക്ക് പാട്ടവ്യവസ്ഥയിൽ നൽകാൻ 16.02.2024-ൽ സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ഇതിനെ തുടർന്ന് 20.05.2024-ൽ ഒറ്റപ്പാലം താലൂക്ക് സർവ്വേയർ സ്ഥലം സർവ്വെ ചെയ്ത് തിട്ടപ്പെടുത്തി കെ.എസ്.ഇ.ബി ലിമിറ്റഡിന് കൈമാറിയിട്ടുണ്ട്. ഈ സ്ഥലം തഹസിൽദാർ രേഖാമൂലം കെ.എസ്.ഇ.ബി ലിമിറ്റഡിന് കൈമാറേണ്ടതായിട്ടുണ്ട്. ജലസേചന വകുപ്പുമായിട്ടുള്ള പാട്ട ഉടമ്പടിയുടെ കരട്, പരിശോധനക്കായി ഒറ്റപ്പാലം തഹസിൽദാർക്ക് 28.06.2024-ന് കെ.എസ്.ഇ.ബി ലിമിറ്റഡ് സമർപ്പിച്ചിട്ടുണ്ട്. എന്നിരുന്നാലും ചുറ്റുമതിൽകെട്ടുന്നതിനുള്ള ദർഘാസ് പ്രവൃത്തികൾ നടത്തിവരുന്നു. കൂടാതെ സബ്സ്റ്റേഷൻ കൺട്രോൾ റൂം നിർമ്മാണത്തിന്റെയും 110 കെ.വി യാർഡ് നിർമ്മാണത്തിന്റെയും രൂപരേഖ തയ്യാറാക്കി അംഗീകാരം ലഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ചെയ്തു വരുന്നു. സബ്സ്റ്റേഷനിലേക്കുള്ള ലൈനിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് വാക് ഓവർ സർവ്വേയും പ്രൊഫൈൽ സർവ്വേയും പൂർത്തിയാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ